**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1587 | 07.06.2018 ൽ മറുപടിക്ക്

**കശുവണ്ടി വ്യവസായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ് | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായത്തിന്റെ വളർച്ചയ്ക്കും ഈ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;<br><br>(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (എ) & (ബി) സംസ്കരണത്തിന് ആവശ്യമായ തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി. ആയത് പരിഹരിക്കുന്നതിലേയ്ക്കായി കേരളത്തിലുൽപാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>കൂടാതെ കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് ഇടനിലക്കാരെ ഒഴിവാക്കി ഗുണമേന്മയുള്ള തോട്ടണ്ടി സംഭരിക്കുന്നതിലേക്കായി കാഷ്യൂ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഈ വർഷം തന്നെ കശുവണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ട്.<br>ആഭ്യന്തരമായി തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുമാവ് കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകളുമായി ചേർന്ന് നടത്തിവരികയാണ്. പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) സംസ്ഥാനത്തിന് ആവശ്യമുള്ള തോട്ടണ്ടി എങ്ങനെ കണ്ടെത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) കശുവണ്ടി വികസന കോർപറേഷനും കാപെക്സും തങ്ങളുടെ ഫാക്ടറികളുടെ സംസ്കരണത്തിനാവശ്യമായ തോട്ടണ്ടി ടെന്റർ മുഖാന്തിരമായിരുന്നു സംഭരിച്ചിരുന്നത്. ഇതിനു പുറമെ 2017 മുതൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫാമുകൾ, തോട്ടങ്ങൾ, സർക്കാർ വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി വിലനിർണ്ണയ സമിതി നിശ്ചയിക്കുന്ന വിലയ്ക്ക് സംഭരിക്കാൻ കശുവണ്ടി വികസന കോർപറേഷനും കാപെക്സിനും അനുമതി നൽകിയിട്ടുണ്ട്. നിലവിൽ ടെന്റർ നടപടികളിലൂടെ സംഭരിക്കുന്നതിനോടൊപ്പം വിദേശ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇടനിലക്കാരെ ഒഴിവാക്കി സംഭരിക്കുന്നതിനുള്ള നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു. തോട്ടണ്ടി ഉല്പാദകരായ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും അതത് രാജ്യത്തെ ഭാഷയിൽ ടെന്റർ ഫ്ലോട്ട് ചെയ്ത് തോട്ടണ്ടി ഈ വർഷം തന്നെ സംഭരിക്കുന്നതിന് കേരള കാഷ്യൂ ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | ആഭ്യന്തരമായി കശുവണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. അത്യുല്പാദനശേഷിയുള്ള കശുമാവിനങ്ങൾ വിവിധവകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ കൃഷിചെയ്യുന്നതിനാണ് ശ്രമിച്ചുവരുന്നത്. പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്താൽ മാത്രമേ ഇക്കാര്യത്തിൽ നല്ല മുന്നേറ്റം ഉണ്ടാക്കാൻ കഴിയുകയുള്ളൂ. അക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ